SFAC Kerala

SMALL FARMERS' AGRIBUSINESS CONSORTIUM, KERALA
(Department of Agriculture Development & Farmers welfare, Government of Kerala)
1st Floor, Administrative Block, Agricultural Urban Wholesale Market, Venpalavattom
Anayara P.O., Thiruvananthapuram-695029,Tele : 0471-2742110, 2742113
E-mail: sfackerala.agri@kerala.gov.in, sfackerala@gmail.com Website : www.sfackerala.org

SFAC 14/2023 08.05.2023

# ടെണ്ടർ നോട്ടീസ്

## Rate Contract- Selection of Agency for supply of travel vehicles for SFAC Kerala

കൃഷി വകുപ്പിന് കീഴിലുള്ള എസ്. എഫ്. എ. സി. കേരള, തിരുവനന്തപുരത്തിന് വേണ്ടി സംസ്ഥാനതലത്തിൽ യാത്രാവശ്യത്തിന് ട്രാവൽ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് വേണ്ടി 5 seater, 7 seater, 17 seater വാഹനങ്ങൾ rate contract വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് കരാറുകാരിൽ നിന്നും / സ്ഥാപനങ്ങളിൽ നിന്നും /ഏജൻസികളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ സീൽ വച്ച കവറുകളിൽ ക്ഷണിക്കുന്നു.

| | |
|---|---|
| ടെണ്ടർ നമ്പറും തീയതിയും | SFAC/ 01 /2023 തീയതി 08-05-2023 |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 29-05-2023 2 pm |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 29/05/2023 3 pm |
| ടെണ്ടറിൽ രേഖപ്പെടുത്തുന്ന നിരക്ക് ബാധകമായിരിക്കേണ്ട തീയതി | 31/5/2024 |
| ടെണ്ടർ ഫീസ് | Rs. 500/- +18% GST |
| നിരത ദ്രവ്യം | Rs. 5000/- |
| ടെണ്ടർ സെക്യൂരിറ്റി | @5% of contract value ( Inclusive of EMD) |
| ടെണ്ടർ സമർപ്പിക്കേണ്ട ഓഫീസറുടെ ഉദ്യോഗപ്പേരും ഔദ്യോഗിക മേൽവിലാസവും | മാനേജിംഗ് ഡയറക്ടർ, ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, ഒന്നാം നില, കാർഷിക നഗര മൊത്ത വ്യാപാര വിപണി, വെൺപാലവട്ടം, ആനയറ പി. ഒ. തിരുവനന്തപുരം- 695029 |

മേലെഴുത്ത്

ചെറുകിട കാർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു വർഷത്തേക്ക് rate contract വ്യവസ്ഥയിൽ 5 seater , 7 seater, 17 seater വാടകയ്ക്ക് എടുക്കുന്നതിനായി ക്ഷണിക്കുന്ന ടെണ്ടർ.

ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 3 വർഷത്തേക്ക് rate contract വ്യവസ്ഥയിൽ വാടകയ്ക്ക് ഓടിക്കുന്നതിനായി ടാക്സി വാഹനങ്ങൾ (5 seater, 7 seater, 17 seater) ലഭ്യമാക്കുന്നതിന് കരാറുകാരിൽ നിന്ന്/ സ്ഥാപനങ്ങളിൽ നിന്ന് മത്സരസ്വഭാവമുള്ള ടെണ്ടറുകൾ സീൽ വച്ച കവറുകളിൽ ക്ഷണിക്കുന്നു ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും ടെണ്ടറിൽ രേഖപ്പെടുത്തുന്ന നിരക്ക് ബാധകമായിരിക്കേണ്ട അവസാന തീയതിയും, ടെണ്ടർ ഫീസും, നിരത ദ്രവ്യം (EMD) എന്നി വിവരങ്ങളും ടെണ്ടർ സമർപ്പിക്കേണ്ട ഓഫീസറുടെ ഉദ്യോഗപേരും ഔദ്യോഗിക മേൽ വിലാസവും മുകളിൽ സൂചിപ്പിച്ചിരിക്കുന്നു. നിശ്ചിത തീയതിക്കും സമയത്തിനുശേഷം ലഭിക്കുന്ന ടെണ്ടറുകളും നിരത ദ്രവ്യം ഇല്ലാത്തതുമായ ടെണ്ടറുകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നല്കിയശേഷം വാഹനം ലഭ്യമാക്കുവാൻ ആവശ്യമായ പരമാവധി സമയം ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

| ക്രമ നം. | വ്യവസ്ഥകൾ |
|---|---|
| 1 | എസ്. എഫ്. എ. സി. കേരളയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി on call വ്യവസ്ഥയിൽ/ ആവശ്യത്തിനനുസരിച്ച് 3 വർഷത്തേക്ക് 5 seater, 7 seater, 17 seater വാഹനങ്ങൾ rate contract അടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകേണ്ടതാണ്. |
| 2 | ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 14 ദിവസത്തിനുള്ളിൽ എസ്. എഫ്. എ. സി. മാനേജിംഗ് ഡയറക്ടറുമായി 200 രൂപ സ്റ്റാമ്പ് പേപ്പറിൽ സ്വന്തം ചെലവിൽ വാടക വ്യവസ്ഥയിൽ പാലിച്ചുകൊള്ളാമെന്ന കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം മേൽ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും. |
| 3 | ക്വട്ടേഷൻ അംഗീകരിച്ചതിന് ശേഷം പിന്മാറുന്നതും, ക്വട്ടേഷനിൽ പറയുന്ന സമയത്തിനുള്ളിൽ കരാർ ഉടമ്പടിയിലേർപ്പെടാതിരിക്കുന്നതും, കരാർ ഉടമ്പടിയിലേർപ്പെട്ടതിനുശേഷം ഉടമ്പടി വ്യവസ്ഥകൾ പ്രകാരം സേവനം ലഭ്യമാക്കാതിരിക്കുന്നതും മേൽ ഉത്തരവ് റദ്ദാക്കുന്നതിന് കാരണമായിരിക്കും. |
| 4 | കരാർ കാലാവധിക്കുള്ളിൽ കരാറിൽ ഏർപ്പെട്ട നിരക്കിൽ നിന്നും യാതൊരു കാരണവശാലും കൂടുതൽ നിരക്ക് ആവശ്യപ്പെടുവാൻ പാടുള്ളതല്ല. |
| 5 | കരാറിൽ ഏർപ്പെടുന്ന നിരക്കിൽ നിലവിലുള്ളതും/ ഭാവിയിൽ ഏർപ്പെടുത്തിയേക്കാവുന്നതുമായ എല്ലാവിധ സർക്കാർ നികുതികളും ഉൾപ്പെടുന്നതായിരിക്കും. (GST നിലവിലുള്ള നിരക്കുകൾ മാത്രമായിരിക്കും ബാധകം ) |
| 6 | ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന ദിവസങ്ങളിൽ ആവശ്യപ്പെടുന്ന സമയത്ത് പ്രസ്തുത വാഹനവുമായി ഡ്രൈവർ ഹാജരാകേണ്ടതാണ്. |
| 7 | വാഹനത്തിന്റെ ഡീസൽ, അറ്റകുറ്റപ്പണികൾ, വാഹനത്തെ സംബന്ധിച്ച് |

| | |
|---|---|
| | ഗവൺമെന്റിൽ അടയ്ക്കേണ്ട വിവിധ നികുതികൾ, ഇൻഷുറൻസ്, പെർമിറ്റ്, ടോൾ ഗേറ്റ് ഫീസ്, പുക പരിശോധന, mvd / police ചുമത്തുന്ന പിഴ തുടങ്ങിയവ കരാറുകാരന്റെ ചുമതലയിലായിരിക്കുന്നതാണ്. |
| 8 | യാത്ര പോകുന്ന സ്ഥലവും തീയതിയും പുറപ്പെടുന്ന സമയവും കിലോമീറ്റർ റീഡിംഗും ദൂരവും ഈ ഓഫീസിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്.ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |
| 9 | എസ്. എഫ്. എ. സി. യുടെ യാത്രയ്ക്കായി നല്കുന്ന വാഹനം തകരാറിലാവുകയാണെങ്കിൽ ഉടൻതന്നെ പകരം വാഹനം താമസംവിനാ ഏർപ്പെടുത്തി നൽകേണ്ടതാണ് |
| 10 | 1 ലക്ഷം കിലോമീറ്ററിനകത്ത് ഓടിയതും/ 3 വർഷത്തിനുമേൽ പഴക്കമില്ലാത്തതും കുറ്റമറ്റതുമായ വാഹനം മാത്രമേ എസ്. എഫ്. എ. സി. യുടെ ഔദ്യോഗിക യാത്രയക്കായി നല്കുവാൻ പാടുള്ളൂ. |
| 11 | ഓരോ യാത്രയ്ക്കും ചെലവാകുന്ന തുക, ഒന്നിച്ച് എസ്. എഫ്. എ. സി. ഓഫീസിലെ ഫണ്ട് ലഭ്യതയനുസരിച്ച് ഒരു മാസത്തിനകം നല്കുന്നതാണ് |
| 12 | ടെണ്ടറിൽ പറയാത്തതും രേഖാമൂലം പ്രകടമായി അംഗീകരിക്കാത്തതുമായ യാതൊരു പ്രത്യേക നിബന്ധനകളും ടെണ്ടറിൽ രേഖപ്പെടുത്തുകയോ പ്രത്യേകമായി കൂട്ടി ചേർത്ത് സമർപ്പിക്കുകയോ ചെയ്യുന്നത് സ്വീകാര്യമല്ല |
| 13 | വാഹനം അവധി ദിവസമുൾപ്പെടെ ഏത് ദിവസം ആവശ്യപ്പെട്ടാലും ഓടുന്നതിന് തയ്യാറാകേണ്ടതാണ് (24 x7 days) |
| 14 | നല്കുന്ന വാഹനത്തിൽ ഓയിൽ, ഇന്ധനം, എന്നിവ നിറയ്ക്കുന്നതും road tax, comprehensive insurance, maintenance charge, toll fee ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ് |
| 15 | ആവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും ആവശ്യപ്പെട്ട തരത്തിലുള്ള വാഹനം എത്തിക്കാത്ത പക്ഷം കരാർ റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും |
| 16 | റേറ്റ്, കരാർ വ്യവസ്ഥകൾ തുടങ്ങിയവ, കരാർ തീയതി മുതൽ 3 വർഷത്തേക്ക് ബാധകമായിരിക്കും. |
| 17 | കേരള സംസ്ഥാനത്തിനകത്ത് എല്ലാ ജില്ലകളിലും യാത്ര പോകേണ്ടതായി വരുന്നതും രാത്രി താമസിക്കേണ്ട പക്ഷം ഡ്രൈവറുടെ താമസ സൌകര്യം മറ്റു ബത്തകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതുമാണ് |
| 18 | വാഹനത്തിന്റെ ഡ്രൈവർ വെടിപ്പായി വസ്ത്രം ഉപയോഗിക്കേണ്ടതും യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥരോട് മാന്യമായി പെരുമാറേണ്ടതുമാണ്. അപമര്യാദയായി പെരുമാറുന്നത് കരാർ റദ്ദ ചെയ്യുന്നതിന് ഇടയാക്കുന്നതുമാണ്. |
| 19 | ടെണ്ടർ നടപടികൾ മുൻകൂർ അറിയിപ്പില്ലാതെ റദ്ദാക്കുന്നതിന് എം. ഡി. എസ്. എഫ്. എ. സി. യ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ് |
| 20 | കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി പുതുക്കുന്നതിനോ പുതിയ കരാർ വരുന്നതുവരെ ദീർഘിപ്പിക്കുന്നതിനോ എം. ഡി. എസ്. എഫ്. എ. സി. യ്ക്ക് |

| | |
|---|---|
| | അധികാരമുണ്ടായിരിക്കുന്നതാണ് |
| 21 | ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്നതനുസരിച്ച് ഡ്രൈവറുടെ license, വാഹനത്തിന്റെ രേഖകൾ, മുതലായവ നൽകുവാൻ കരാറുകാരൻ തയ്യാറായിരിക്കണം |
| 22 | സർക്കാരിൽ നിന്നോ/ മേൽ ഓഫീസിൽ നിന്നോ കാലാകാലങ്ങളിൽ ഇറക്കുന്ന വാഹന കരാർ സംബന്ധിച്ച് ഉത്തരവുകൾ ഈ കരാറിനും ബാധകമായിരിക്കും |
| 23 | കരാറിൽ പറയുന്ന നിരക്ക് എല്ലാ നികുതിയും ഉൾപ്പെടെയായിരിക്കേണ്ടതാണ് |
| 24 | കരാർ വ്യവസ്ഥകൾ പാലിക്കപ്പെടാതിരുന്നാൽ മുൻകൂർ അറിയിപ്പില്ലാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം MD SFAC യ്ക്കു ഉണ്ടായിരിക്കും. |

എസ്.എഫ്.എ.സി
കേരള സർക്കാർ

Managing Director
SFAC Kerala

Managing Director
Small Farmers' Agribusiness Consortium
Thiruvananthapuram

Tender No. 1/SFAC/Vehicle on hire charges
Hiring Vehicle for Administrative Office, Thiruvananthapuram

No. SFAC-14/2023

Name of Work/ Purpose : Rate Contract - Selection of Agency for Supply of Travel Vehicles for SFAC Kerala

| Vehicle No. & Vehicle Model | Name of Owner | Rate Quoted for 1000km per Month | Quoted rate for additional KM above 3000km in 3 months |
|---|---|---|---|
| | | | |

Signature of Tenderer

Thiruvananthapuram
Date: 08/05/2023